(സി) ഏതെല്ലാം മേഖലകളുടെ വികസനത്തിനാണ് ഏഷ്യൻ വികസന ബാങ്കിന്റെ സഹായം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഏഷ്യൻ വികസന ബാങ്കിൽ നിന്നും മൊത്തം എന്തുതുകയുടെ സഹായമാണ് സംസ്ഥാന സർക്കാർ പ്രതീക്ഷിക്കുന്നത്;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തുതുകയുടെ സഹായം ഏഷ്യൻ വികസനബാങ്കിൽ നിന്നും നേടിയെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(എഫ്) ഏഷ്യൻ വികസന ബാങ്കിൽ നിന്നും ലഭിക്കുന്ന ധനസഹായങ്ങളുടെ നിബന്ധനകൾ വിശദമാക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ടി. ശിവദാസമേനോൻ) :

(എ) വിവിധ വകുപ്പുകളിലെ നികുതിയിതര വരുമാനം വർദ്ധിപ്പിച്ചും നികുതി പിരിവ് ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ബാങ്കധികൃതരുമായി പ്രാഥമിക ചർച്ചകൾ കഴിഞ്ഞു. ഏഷ്യൻ വികസനബാങ്കിന്റെ പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തുമെന്നാണറിയുന്നത്.

(സി) ബാങ്കുമായി നടത്തുവാൻ പോകുന്ന അന്തിമ ചർച്ചയിൽ മാത്രമേ അറിയുവാൻ കഴിയൂ.

(ഡി) ബാങ്കുമായി നടത്തുവാൻ പോകുന്ന അന്തിമ ചർച്ചയിൽ മാത്രമേ വ്യക്തമാകുകയുള്ളൂ.

(ഇ) യാതൊരു തുകയും ലഭിച്ചിട്ടില്ല.

(എഫ്) വ്യക്തമാക്കാറായിട്ടില്ല.

20 (*80) ഇൻഡ്യാ-ഇക്കോ ഡവലപ്മെന്റ് പദ്ധതി.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. പി. നാരായണൻ :
ശ്രീ. സി.എൻ. ജയദേവൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻഡ്യാ-ഇക്കോ ഡവലപ്മെന്റ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള സഹായം എവിടെനിന്നെല്ലാം എത്ര വീതം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1992-ലെ ഭൗമ ഉച്ചകോടിയിലെ തീരുമാനപ്രകാരം രൂപീകൃതമായ ഗ്ലോബൽ എൻവയോൺമെന്റൽ ഫെസിലിറ്റി (ജി.ഇ.എഫ്.) എന്ന ധനസഹായ നിധിയിലൂടെയാണ് ഇൻഡ്യാ-ഇക്കോ ഡവലപ്മെന്റ് പദ്ധതി നടപ്പാക്കുന്നത്. രാജ്യത്തെ 7 തെരഞ്ഞെടുക്കപ്പെട്ട സുപ്രധാന സംരക്ഷണ കേന്ദ്രങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. കേരളത്തിൽ തേക്കടി കടുവാ സംരക്ഷണ കേന്ദ്രത്തിലാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്.

(സി) ജൈവ വൈവിദ്ധ്യത്തിന്റെ സമഗ്ര സംരക്ഷണവും വികസനവുമാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം. വന്യജീവികളുടെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുക, മണ്ണ്-ജല- സംരക്ഷണം, റോഡുകൾ, നടപ്പാതകൾ എന്നിവ സഞ്ചാര യോഗ്യമാക്കുക, വയർലസ് സംവിധാനം കാര്യക്ഷമമാക്കുക, സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ആയുധങ്ങളും വാഹനങ്ങളും മറ്റും നൽകി സംരക്ഷണ പരിപാലന സംവിധാനം കാര്യക്ഷമമാക്കുക എന്നിവയാണ് മറ്റ് ലക്ഷ്യങ്ങൾ. പൊതുജന പങ്കാളിത്തത്തോടെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുകയും, അപ്രകാരം സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകുന്ന ആദിവാസി-പിന്നോക്ക ജനവിഭാഗങ്ങൾക്ക് ജീവനോപാധിയും, തൊഴിലവസരങ്ങളും സൃഷ്ടിക്കുകയും, ജനങ്ങളുടെ വനത്തോടുള്ള അമിത ആശ്രയത്വം കുറയ്ക്കുകയും ചെയ്യുന്നതിനും ഉദ്ദേശിച്ചിട്ടുണ്ട്.

(ഡി) ഇൻഡ്യാ-ഇക്കോ ഡവലപ്മെന്റ് പദ്ധതിപ്രകാരം സംസ്ഥാനത്തിന് 5 വർഷത്തേക്ക് ആകെ 40.54 കോടി രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. പദ്ധതി വിഹിതം താഴെപ്പറയുംപ്രകാരമാണ്.

1.	ഐ.ഡി.എ. ക്രഡിറ്റ്	-	16.95 കോടി രൂപ
2.	ജി.ഇ.എഫ്. ക്രഡിറ്റ്	-	12.10 കോടി രൂപ
3.	കേരള സർക്കാരിന്റെ വിഹിതം	-	5.48 കോടി രൂപ
4.	കേന്ദ്രസർക്കാരിന്റെ വിഹിതം	-	3.24 കോടി രൂപ
5.	ഉപഭോക്താക്കളുടെ വിഹിതം	-	2.77 കോടി രൂപ
	ആകെ	-	40.54 കോടി രൂപ

21 (*81) കേരള ഫോറസ്ട്രി പ്രോജക്ട്

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിൽ നടപ്പിലാക്കുന്ന 'കേരള ഫോറസ്ട്രി പ്രോജക്ട്'-ന്റെ ഫലപ്രദമായ നടത്തിപ്പിനുവേണ്ടി സർക്കാർ എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ആകെ എത്രതുക ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു;

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly